## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3633 | 17.10.2011-ലെ മറുപടിക്ക് |
|---|---|

### ഇടുക്കി ജില്ലയിലെ ആശുപത്രികളിൽ സൈക്യാട്രിസ്റ്റുകളുടെ സേവനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഇ.എസ്. ബിജിമോൾ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) ഡിസ്ട്രിക്റ്റ് മെന്റൽ ഹെൽത്ത് പ്രോജക്ട് നിലവിലുള്ള ഇടുക്കി ജില്ലയിൽ കഴിഞ്ഞ ആറുമാസമായി സൈക്യാട്രിസ്റ്റിന്റെ സേവനം ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) ജില്ലാ ആശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് കൂടുതൽ കിടക്കകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) ജില്ലാ ആശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് കൂടുതൽ കിടക്കകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇടുക്കി ജില്ലാ മെഡിക്കൽ ആഫീസിൽ നിന്നും ലഭിക്കുന്ന മുറക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| സി) സൈക്യാട്രി ഡോക്ടറുടെ അഭാവത്തിൽ 4500 -ഓളം മാനസിക രോഗികൾക്ക് 16 പി.എച്ച്.സി വഴി ലഭ്യമായിരുന്ന മരുന്നുകൾ ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | സി) സൈക്യാട്രി ഡോക്ടർമാരുടെ അഭാവത്തിലും മാനസിക രോഗികൾക്ക് 16 പി.എച്ച്.സി വഴി മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്. |
| ഡി) അതിന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ; | ഡി) ബാധകമല്ല. |

| | |
|---|---|
| ഇ) ജില്ലയിലെ മുഴുവൻ പി.എച്ച്.സി.കളിലും 4 താലൂക്ക് ആശുപത്രികളിലും സൈക്യാട്രിസ്റ്റുകളുടെ സേവനവും മരുന്നും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | ഇ) ജില്ലയിലെ പല ഭാഗങ്ങളിലായി തിരഞ്ഞെടുത്ത പി.എച്ച്.സികളിൽ ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി സൈക്യാട്രിസ്റ്റിന്റെ സേവനം ലഭ്യമാക്കി വരികയാണ്. ജില്ലയിലെ താലൂക്ക് ആശുപത്രികളിലൊന്നും സൈക്യാട്രിസ്റ്റിന്റെ തസ്തിക നിലവിലില്ല. |
| എഫ്) ഇടുക്കി ജില്ലയിലെ ഡോക്ടർമാരെ മെന്റൽ ഹെൽത്ത് ട്രെയിനിംഗ് ലഭിക്കുന്നതിനായി കോട്ടയം നോഡൽ ഓഫീസിലേക്ക് അയയ്ക്കുവാൻ നടപടി സ്വീകരിക്കുമോ? | എഫ്) നടപടി സ്വീകരിച്ചിട്ടുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ